കപ്പലാലും അവിടത്തെ കോൺഗ്രസ്സുകാർ വിചാരിച്ചാൽമാത്രമേ ഈ കാര്യം നടപ്പുള്ളൂ; കാരണം അവിടെ ഭരിക്കുന്നതു കോൺഗ്രസ്സാണു".

ശ്രീ. കെ. എം. ജോർജ്ജു": കോൺഗ്രസ്സുകാർ ആവശ്യപ്പെടുന്നില്ലെങ്കിൽ കേരളത്തിൽ സ്ഥാപിക്കുമോ ?

ശ്രീ. ഇ. എം. എസ്സു". നമ്പൂതിരിപ്പാടു": അതിനെപ്പറ്റി അറിഞ്ഞു കൂടാ.

ശ്രീ കെ. എം. ജോർജ്ജു": ഇവിടത്തെ റെയർ എർത്തു" ഫാക്ടറി അടച്ചുപൂട്ടിയതിനെത്തുടർന്നു", സംസ്ഥാന ഗവണ്മെൻറിന്റെ തൊഴിൽ നയവും, പോലീസു" നയവുംമൂലം ഇവിടെ പ്രവർത്തിക്കുന്നതിനു പ്രയാസമാണെന്നു" കേന്ദ്രഗവണ്മെൻറിനു ബോദ്ധ്യം വന്നിട്ടുള്ളതായി അറിയാമോ ?

ശ്രീ. ഇ. എം. എസ്സു". നമ്പൂതിരിപ്പാടു": അങ്ങനെ ചില കാരണങ്ങൾ പറഞ്ഞു", കപ്പൽനിർമ്മാണകേന്ദ്രം ഇവിടെ സ്ഥാപിക്കാതിരിക്കാൻ കോൺഗ്രസ്സുകാർ ശ്രമിക്കുന്നുണ്ടോ എന്നറിഞ്ഞുകൂടാ.

ശ്രീ. കെ. എം. ജോർജ്ജു": ഇതു ഗവണ്മെൻറിന്റെ തൊഴിലാളി നയത്തിലും, പോലീസു" നയത്തിലും വന്നുചേർന്നിട്ടുള്ള കുഴപ്പംകൊണ്ടാണു" റെയർ എർത്തു" ഫാക്ടറിയുടെ പ്രവർത്തനം നിലച്ചുപോയതെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ.....

മി. സ്പീക്കർ: രണ്ടാം കപ്പൽനിർമ്മാണകേന്ദ്രത്തിന്റെ സ്ഥാപനത്തെക്കുറിച്ചാണു ചോദ്യം; അതു" റെയർ എർത്തു" ഫാക്ടറിയെപ്പറ്റി മാറിയിരിക്കുകയാണു".

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: സർ, ഇതു വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണു". ഈ ഗവണ്മെൻറിന്റെ തൊഴിൽനയത്തിൽ വന്നിട്ടുള്ള തകരാറുകൊണ്ടാണു" ഇവിടെ പുതിയ വ്യവസായങ്ങൾക്കു" സാദ്ധ്യതയില്ലാതായിട്ടുള്ളതു".

മി. സ്പീക്കർ: തൊഴിൽ നയത്തെപ്പറ്റി വേറെ ചോദ്യം ചോദിച്ചു" ഡിസ്കഷൻ നടത്താം.

പുതുതായി നട്ടുപിടിപ്പിച്ച കാടു".

* 1581 [11] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിനു" വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1958-59 സാമ്പത്തികവർഷത്തിൽ എത്ര ഏക്കർ കാടു" പുതുതായി നട്ടുപിടിപ്പിച്ചിട്ടുണ്ടു" ?

കൃഷിയും വനവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജു"): 1958-59 സാമ്പത്തികവർഷത്തിൽ, രണ്ടാം പഞ്ചവത്സരപദ്ധതിയനുസരിച്ചു" 802.5 ഏക്കർ സ്ഥലത്തു" തേക്കും, 1268.35 ഏക്കർ സ്ഥലത്തു" വെള്ളമരങ്ങളും നട്ടുപിടിപ്പിച്ചിട്ടുണ്ടു". പഞ്ചവത്സരപദ്ധതിക്കു പുറമേയുള്ളതിന്റെ കണക്കുകൾ ശേഖരിച്ചുവരുകയാണു".

ശ്രീ. ടി. കെ. കൃഷ്ണൻ: 1958-59 സാമ്പത്തികവർഷത്തിലെ ടാർഗറ്റിൽ എത്തിയിട്ടുണ്ടോ ?

ശ്രീ. കെ. സി. ജോർജ്ജു": അതിന്റെ കണക്കു കൈവശമില്ല; ടാർഗറ്റ് ഫുൾഫിൽ ചെയ്യാൻ സാധിച്ചിട്ടുണ്ടെന്നാണു തോന്നുന്നതു".

LIBRARY ARCHIVES Kerala Legislative Assembly